പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരങ്ങൾ

219 (6670) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) വിവരങ്ങൾ ശേഖരിച്ചതിന്റെ ക്രോഡീകരിച്ച റിപ്പോർട്ട് പ്രകാശനം ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(സി) ഇത് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ;

(ഡി) എന്തെല്ലാം വിവരങ്ങളാണ് പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്ത സംരംഭമായിട്ടാണ് 2008-ൽ സർവ്വേ നടത്തി വിവരങ്ങൾ ശേഖരിച്ചത്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ സർവ്വേയുടെ നോഡൽ ഏജൻസിയായിരുന്നു.

(ബി) ഉണ്ട്. 2012 ഒക്ടോബർ മാസം 6-ാം തീയതിയിൽ തിരുവനന്തപുരത്തെ വിതുര പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്ന ചടങ്ങിൽവച്ച് കേരള നിയമസഭാ സ്പീക്കർ ശ്രീ. ജി. കാർത്തികേയൻ ടി റിപ്പോർട്ട് പ്രകാശനം ചെയ്തു.

(സി) പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാന വിവര ശേഖരണംവഴി അവരുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ, ആരോഗ്യ കാര്യങ്ങളെക്കുറിച്ചും മറ്റ് അടിസ്ഥാന സ്ഥിതികളെക്കുറിച്ചും വിവരങ്ങൾ ശേഖരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ അവരുടെ വികസനത്തിനായി പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും സാധിക്കുന്നു.

(ഡി) ചുവടെ ചേർത്തിരിക്കുന്ന വിഷയങ്ങളാണ് പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത് :

1. ജനസംഖ്യ
2. ഊരുകൾ
3. വിദ്യാഭ്യാസം
4. തൊഴിലും വരുമാനവും

LIBRARY ARCHIVES Kerala Legislative Assembly

5. ആരോഗ്യം
6. അടിസ്ഥാന സൗകര്യങ്ങൾ
7. കൈവശഭൂമി
8. വനവുമായുള്ള ആഭിമുഖ്യം
9. സാമൂഹ്യസുരക്ഷ
10. സാമൂഹ്യവികാസം

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ

220 (6671) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്നറിയിക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഒരു പദ്ധതിയും ആവിഷ്ക്കരിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ്-ഇൻ-എയ്ഡ്

221 (6672) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് നല്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly